കോർട്ട് ഫീ സ്റ്റാമ്പിന്റെ വിലയിൽ കുറവ് വരുത്തുന്നതിന് നടപടി

40 [219] *ശ്രീ. പി. കെ. കെ. ബാവ:*
,, *യു. സി. രാമൻ:*
,, *കളത്തിൽ അബ്ദുള്ള:*
,, *സി. മോയിൻകുട്ടി:*
,, *കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർട്ട് ഫീ സ്റ്റാമ്പിന്റെ വില ഒരു രൂപയിൽ നിന്ന് അഞ്ച് രൂപയാക്കി ഉയർത്തിയിട്ടുള്ളത് സാധാരണക്കാരായ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ തുക രണ്ട് രൂപയായിട്ടെങ്കിലും കുറച്ച് സാധാരണക്കാർക്ക് ആശ്വാസം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തുക കുറയ്ക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലില്ല.

സ്പിരിറ്റ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ

41 [220] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പിരിറ്റ് വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണ്; സ്പിരിറ്റ് വിതരണത്തിൽ ഏതൊക്ക സ്ഥാപനങ്ങൾക്കും ഏജൻസികൾക്കുമാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അനധികൃത സ്പിരിറ്റ് വ്യാപാരവും വിതരണവും സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) 2001 മേയ് മുതൽ ഇതുവരെയായി അനധികൃതമായി സ്പിരിറ്റ് കടത്തിയ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിൽ ഏതെങ്കിലും കേസുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ കേസുകളിലാണെന്ന് വ്യക്തമാക്കാമോ;

(ഇ) വ്യാജമദ്യവും സ്പിരിറ്റും മറ്റ് അനധികൃത മദ്യവില്പനയും തടയുന്നതിന് കൂടുതൽ ഫലപ്രദമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly